# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 4 Reg NO.TNBIL/2016/70171 ISSUE - 9

SEPTEMBER - 2020 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).


✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333 This No. is for SMS Purpose only**




കർത്താവിൽ പ്രിയമുള്ള വായനക്കാർക്ക്,

എല്ലാവർക്കും എന്റെ സ്നേഹവന്ദനം,

കൊറോണാ വൈറസിന്റെ ആക്രമണം എന്നേയും വിട്ടുവച്ചില്ല. **150 ദിവസം** ഞാൻ പുറത്തെ വിടേയും പോകാതെ വീട്ടിൽ തന്നെ ഇരുന്നിട്ടും എങ്ങനേയോ എന്നെ ന്യൂമോണിയാ (***Pneumonia***) ബാധിച്ചു. അതിന്റെ അടയാളങ്ങൾ പുറമെ കാണിച്ചില്ലെങ്കിലും, **ചുമ**, പനി, ജലദോഷം, ഒന്നും ഇല്ലാതിരുന്നിട്ടും വെറുതെ ഒരു ചെക്കപ്പിനായി (***Check - up***) പോയപ്പോൾ സ്കാൻ (***SCAN***) ചെയ്തു നോക്കി. ശ്വാസകോശത്തിന്റെ അടിഭാഗത്ത് ചെറുതായി കഫം കെട്ടിയിരുന്നതായി കണ്ടു. ആ ഭാഗത്ത് ഒരു വരയിട്ടതുപോലെ കൊറോണ കൃമി ഉള്ളതായി കാണാൻ സാധിച്ചു. **ശരിയായ സമയത്ത്** ആരംഭത്തിൽ തന്നെ കൊറോണ കൃമി കണ്ടു പിടിച്ചതുകൊണ്ട് വീട്ടിൽ വച്ച് ചികിത്സിക്കാതെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഉടൻ തന്നെ ചികിത്സ ആരംഭിച്ചു. ആശുപത്രിയിൽ സഹായത്തിന് ആരേയും അനുവദിച്ചില്ല. ഒരു റൂമിൽ ഞാനും എന്റെ യേശുവും മാത്രം. പ്രാണവായു മൂക്കിൽ കൂടെ

**ചെലുത്തി**. വൈറസിനെ നശിപ്പിക്കുന്ന മരുന്ന്; ആന്റിബയോട്ടിക്ക് ഞരമ്പു വഴിയായി അതിവേഗം കടത്തി വിട്ടു. ഓരോ ദിവസവും ഓരോ മണിക്കൂറും കടന്നു പോകുന്നത് വലിയ പ്രയാസമായിരുന്നു. ഇതിൽ ഏറ്റവും പരിതാപകരമായ അവസ്ഥ എന്തെന്നാൽ അഞ്ചു ദിവസങ്ങൾ പ്രാർത്ഥിക്കാനും കഴിഞ്ഞില്ല. ബൈബിൾ വായിക്കാൻ മനസുമില്ലായിരുന്നു. ആ കഠിനമായ സന്ദർഭത്തിൽ കമഴ്ന്നു കിടന്ന് യേശുവേ! യേശുവേ! എന്നുമാത്രം വിളിയ്ക്കാനെ കഴിഞ്ഞുള്ളൂ.

സമയാസമയത്ത് നല്ല ഭക്ഷണം ലഭിച്ചിരുന്നു. ചിക്കനിൽ രണ്ടുവിധം, സാമ്പാർ, തൈര് ഇങ്ങനെ നല്ല രീതിയിലുള്ള ഭക്ഷണം നല്കിയിരുന്നു. എന്നാൽ ഭക്ഷണം കഴിയ്ക്കാൻ കഴിഞ്ഞില്ല. ഗുളിക കഴിക്കാൻ വേണ്ടി മാത്രം ഭക്ഷണം കഴിച്ചു. ഈന്തപ്പഴം (***DATES***) പോലെയുള്ള 10 തരം ഗുളികകൾ മൂന്നുനേരം വിഴുങ്ങി. എങ്ങനെയോ നിങ്ങളുടെ കണ്ണീരോടു കൂടിയ പ്രാർത്ഥനയാൽ ദൈവം എന്നെ സൗഖ്യമാക്കി. ടീമായും, ടി.വി. വഴിയായും, യൂ ടൂബ് വഴിയായും പ്രാർത്ഥിച്ച എല്ലാവർക്കും ദൈവനാമത്തിൽ എന്റെ നന്ദി അറിയിക്കുന്നു.

ദൈവത്തിന്റെ വലിയ കൃപയാൽ സുഖം പ്രാപിച്ച് 2020 ഒക്ടോബർ മാസം 9–ാം തീയതി ഞങ്ങളുടെ വിവാഹവാർഷികമായിരുന്നു. അന്ന് വളരെ ദൂരത്തിൽ എന്റെ ഭാര്യ നില്ക്കേ ഞാൻ എന്റെ റൂമിൽ ഇരുന്നു കൊണ്ട് മൊബൈലിൽ പ്രാർത്ഥിച്ചു. ദൈവത്തെ സ്തുതിച്ചു. കൊറോണാ ബാധിച്ചതു നിമിത്തം ആരോടും സമ്പർക്കം പുലർത്താൻ കഴിയാത്ത ഈ സാഹചര്യം ഞങ്ങളുടെ ജീവിതത്തിൽ ഇതുവരെ അനുഭവിക്കാത്ത **മോശമായ ഒരു അവസ്ഥയാണ്**.

സങ്കീ. 90 –ന്റെ 10 –ൽ ദൈവം മനുഷ്യനു നല്കിയ ആയുഷ്കാലം 70 സംവത്സരം, ഏറേയായാൽ 80 സംവത്സരം അതിന്റെ പ്രതാപം പ്രയാസവും ദുഃഖവും അത്രെ. അതു വേഗത്തിൽ തീർന്നുപോകും എന്നു പറയുന്നു. എനിക്ക് 80 വയസ്സും, എന്റെ ഭാര്യക്ക് 78–79 വയസ്സ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

എന്റെ പിതാവ് 76–ാം വയസ്സിലും എന്റെ മാതാവ് 96–ാം വയസ്സിലും മരിച്ചു. ജനിതകരീതിയിൽ പറയുകയാണെങ്കിൽ എന്റെ ആയുസ്സ് നീണ്ടു പോകുന്നത് എന്റെ പിതാവിന്റെ വഴിയാണോ അല്ലെങ്കിൽ എന്റെ മാതാവിന്റെ വഴിയിലാണോ എന്ന് അറിയില്ല. എല്ലാവരുടെ കാലഗതികളും ദൈവത്തിന്റെ കൈകളിൽ ഇരിക്കുന്നു.

എന്നെക്കുറിച്ചും എന്റെ കൈയ്യിൽ ദൈവം ഏല്പിച്ചിരിക്കുന്ന വ്യത്യാസമായ ജാമക്കാരൻ ശുശ്രൂഷ (***MISSION***) എത്രനാൾ വരെയാണെന്ന് ആർക്കും അറിയില്ല. എന്നാൽ എത്ര മാസങ്ങളായാലും എത്ര വർഷങ്ങൾ ആയാലും എന്റെ ആയുസ്സ് തീരുന്ന അവസാന നിമിഷം വരെയും എന്റെ ഈ ദൈവവേല തുടരും.

എന്റെ വായനക്കാർക്ക് ഞാൻ അറിയിക്കുന്നത് എന്തെന്നാൽ കൊറോണയെ ലോകത്തിൽ ആരെക്കൊണ്ടും തടയാൻ കഴിയില്ല. അത് ഏത് സമയത്തും ഏതു രൂപത്തിലും നിങ്ങളെ ആക്രമിക്കാം.

ലോകത്തിൽ ഏറ്റവും കൂടുതൽ സുരക്ഷാവലയം ഉള്ളത് അമേരിക്കൻ പ്രസിഡന്റ് ട്രംപിനാണ്. അദ്ദേഹം ബെഡ് റൂമിൽ നിന്നും ബാത്ത് റൂമിൽ പോയി വന്നാൽ കൂടെ ശരീരം മുഴുവനും ചെക്കപ്പ് ചെയ്ത് അത് **റെക്കോഡാക്കും**. രഹസ്യസ്ഥലത്ത് നിന്ന് താൻ ഒരുങ്ങി തന്റെ ഓഫീസിലേക്ക് വന്ന് ചേരുന്നതുവരെ ഓരോ വാതിലും കടന്നു പോകുമ്പോൾ ശരീരം പരിശോധിച്ചതിന് ശേഷം അദ്ദേഹം അറിയാതെ തന്നെ അദ്ദേഹത്തിന്റെ **സ്പെഷ്യൽ** മെഡിക്കൽ ഓഫീസറുടെ റൂമിലുള്ള കമ്പ്യൂട്ടറിൽ രേഖപ്പെടുത്തും. കഴിഞ്ഞ മാസം വരെ കൊറോണ വൈറസിന്റെ ഒരംശം പോലും ഇല്ലാതെ അദ്ദേഹം ഇലക്ഷൻ ജോലികളെ ചെയ്തു വന്നു. എന്നാൽ പെട്ടെന്ന് കൊറോണ വൈറസ് ട്രംപിന് വന്നതെങ്ങനെ? ശ്വാസം മുട്ടൽ എങ്ങനെയാണ് വന്നത്? ഭാര്യയ്ക്കും കൊറോണാ വൈറസ് സ്ഥിരീകരിച്ചു. അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു ഓക്സിജൻ നല്കി. ചില ദിവസങ്ങൾക്കുള്ളിൽ സൗഖ്യം പ്രാപിച്ച് വെളിയിൽ വന്നെങ്കിലും വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി.

അതുകൊണ്ട് എങ്ങനെയുള്ള ആധുനിക സരക്ഷാരീതികൾ ഉണ്ടെങ്കിലും ഇന്ന് കൊറോണാ **നമ്മെ ആക്രമിക്കുന്നത്** തടുക്കാൻ സാധ്യമല്ല. എന്നാൽ ഇപ്പോൾ നാം ചെയ്യേണ്ടത് കൊറോണാ ബാധിച്ചാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ നേരിടാൻ നമ്മെ തന്നെ തയ്യാറാക്കിക്കൊള്ളണം എന്നുള്ളതാണ്. ഒരുപക്ഷെ മക്കൾ മരിക്കാം അല്ലെങ്കിൽ ഭാര്യയോ, ഭർത്താവോ മരിക്കാം. പിതാവിന്റെ പെൻഷൻ കൊണ്ട് ഉപജീവനം കഴിച്ചു വന്ന സാഹചര്യത്തിൽ പിതാവിന്റെ മരണം മുഴുകുടുംബത്തെയും ഉലച്ചു കളയാം.

വിശ്വാസികളായ നാം അവിശ്വാസികളെ പോലെ കലങ്ങാതെ ഇനി എന്തുചെയ്യുമെന്ന് വ്യസനപ്പെടാതെ ദൈവത്തിൽ ആശ്രയിക്കുക. നാം ആരുടെ അടുത്തും **കൈ നീട്ടേണ്ട** ആവശ്യമില്ല. നമ്മുടെ ദൈവം വളരെ നല്ല ദൈവമാണ്. തന്റെ മക്കളെ ഒരിക്കലും അവൻ കൈവിടുകയില്ല.

ഞാൻ ആശുപത്രിയിൽ ആയിരുന്നപ്പോൾ എന്റെ മനസ്സിൽ ഉദിച്ച തമിഴ് പാട്ടിന്റെ വരികളാണ് ഇത്.

“സിങ്കകെബിയോ, ചൂളൈ നെരിപ്പോ, അവർ എന്നെ കാത്തിടുവാർ
അവരെ എന്നെ കാപ്പവർ അവരെ എന്നെ കാൺപവർ”

അടുത്ത വരികൾ എന്റെ ഓർമ്മയിൽ ഇല്ല. ഈ പാട്ടാണ് എനിക്ക് നല്ല ധൈര്യത്തെ തന്നത്. രാത്രി മുഴുവനും ദാർയ്യാവേശ് രാജാവിന് ഉറങ്ങാൻ കഴിഞ്ഞില്ല. എന്നാൽ ദാനിയേലോ സിംഹത്തോടുകൂടെ ചേർന്ന് ചൂടുള്ള പുതപ്പു പുതച്ച് നന്നായി ഉറങ്ങി. നാളെ എന്തു നടക്കും എന്നതിനെക്കുറിച്ച് സങ്കടപ്പെടാതെ ദാനിയേലിന് നന്നായി ഉറങ്ങാൻ കഴിഞ്ഞതിന്റെ കാരണം താൻ ആരാധിക്കുന്ന ദൈവത്തെക്കുറിച്ച് വളരെ നന്നായി അറിഞ്ഞിരുന്നു.

ഈ വിശ്വാസത്തോടെ **നമുക്ക് എല്ലാവർക്കും** ജീവിക്കാം. ജീവനോ മരണമോ എന്തു തന്നെ ആയാലും നാം അതിനെ ധൈര്യമായ് നേരിടണം.

എന്റെ ഈ ലേഖനം ഒരുപക്ഷെ ദൈവം എന്നെക്കുറിച്ച് എഴുതുന്ന അവസാന അദ്ധ്യായമായിരിക്കാം അല്ലെങ്കിൽ പുതിയ അദ്ധ്യായം തുടങ്ങുവാൻ ദൈവം സഹായിക്കുന്നതായിരിക്കാം. കർത്താവ് അനുവദിച്ചാൽ അടുത്ത ജാമക്കാരൻ മൂലമായ് നാം വീണ്ടും കാണും. ഞാൻ കിടക്കയിൽ ആയിരുന്നപ്പോൾ നിങ്ങൾ അയച്ചു തന്ന സ്തോത്രക്കാഴ്ച എല്ലാം എനിക്ക് കിട്ടി. ചിലർ ഡോക്ടർ ജീവനോടെ ഇരിക്കുന്നു എന്നു ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ സ്തോത്രക്കാഴ്ച അയക്കുകയുള്ളൂ എന്ന് മനസ്സില്ലാ മനസ്സോടെ ആയിരുന്നു എന്നു ഫോൺ മൂലം എനിക്ക് അറിയാൻ കഴിഞ്ഞു. ദൈവകൃപ നാം എല്ലാവരോടും കൂടെ ഇരിക്കട്ടെ. 2020 ജൂലൈ, ആഗസ്റ്റ് മാസ ജാമക്കാരൻ ഉടനെ അയക്കാൻ ഏർപ്പാട് ചെയ്തു കഴിഞ്ഞു.

ഡോ. **പുഷ്പരാജ്**

# മദ്ധ്യകേരള C.S.I. ഡയോസിസ് ജാമക്കാരൻ വായനക്കാർക്ക്

എന്നെ അധികമായി സ്നേഹിക്കുന്ന ഡയോസിസുകളിൽ വച്ച് നിങ്ങൾ ഏറ്റവും പ്രധാനപ്പെട്ടവരാണ്. ബിഷപ്പ് ഇലക്ഷനുവേണ്ടി മൂന്ന് അച്ചൻമാർ വരിയിൽ നില്ക്കുന്നു.

മൂന്ന് അച്ചൻമാർക്കും ഞാൻ നല്കുന്ന പ്രത്യേക ആലോചന എന്തെന്നാൽ നിങ്ങളുടെ പേര് സിനഡിന്റെ പരിഗണനക്ക് പോകും. അവിടെയാണ് ബിഷപ്പിനെ തിരഞ്ഞെടുക്കുന്ന വില പേശൽ **നടക്കുന്നത്**. ഇപ്പോഴുള്ള സാഹചര്യത്തിൽ ഉന്നതസ്ഥാനത്ത് ഉള്ള വ്യക്തി വളരെ അധികം **പണ**പ്രതിസന്ധിയിൽ ഇരിക്കുകയാണ്. ഇപ്പോൾ അദ്ദേഹത്തിന് പല കോടി രൂപ വളരെ അത്യാവശ്യമുണ്ട്. കോടതി അദ്ദേഹത്തിന് 4-ാമത്തെ നോട്ടീസ് അയച്ചു കഴിഞ്ഞു. അദ്ദേഹം അപഹരിച്ച പല കോടി രൂപയോടുകൂടെ പിഴയും ചേർത്ത് ഉടൻ തന്നെ കോടതിയിൽ അടയ്ക്കേണ്ട ഞെരുക്കമായ അവസ്ഥയിൽ ഇരിക്കുകയാണ്. നിങ്ങൾക്ക് പിന്നിൽ **സമ്പത്തുള്ളവർ** ധാരാളം ഉണ്ട്. ഇവരിൽ **ആരാണോ** അദ്ദേഹം ചോദിക്കുന്ന തുക കൊടുക്കുന്നത്. അവരെ മാത്രമേ ബിഷപ്പായി അറിയിക്കുകയുള്ളൂ. അധിക **വോട്ടു** വാങ്ങിയവർ, അല്ലെങ്കിൽ മെറിറ്റ് ഒന്നും തന്നെ നോക്കത്തില്ല. നിങ്ങളുടെ മുൻബിഷപ്പും മോഡറെറ്ററുമായ **മോസ്റ്റ്. റവ. ഉമ്മൻ കെ. ജോർജ്ജ്** അവർകൾ ഒരു അവസരത്തിൽ അച്ചൻമാരുടെ യോഗത്തിൽ പറഞ്ഞത് എന്തെന്നാൽ ഞാൻ ഒരുത്തൻ മാത്രമേ ബിഷപ്പ് സ്ഥാനത്തിന് വേണ്ടി **പണം കൊടുക്കാതെ** ബിഷപ്പായുള്ളൂ. അങ്ങനെയാണെങ്കിൽ ഇതുവരെ ബിഷപ്പ് സ്ഥാനം ഏറ്റ എല്ലാവരും പണം കൊടുത്താണ് ബിഷപ്പായത് എന്നുള്ളത് അദ്ദേഹത്തിന്റെ വായ്മൊഴി മൂലം സത്യം **എന്ന് ഉറപ്പു വരുത്താം.**

ഇപ്പോൾ നിങ്ങൾ **എടുക്കുന്ന ശക്തമായ തീരുമാനം** വളരെ പ്രധാനപ്പെട്ടതാണ്. ബിഷപ്പ് സ്ഥാനത്തെ പണം കൊടുത്ത് വാങ്ങാൻ പോകുകയാണോ? അഥവാ പണം കൊടുത്ത് ബിഷപ്പ് സ്ഥാനം വാങ്ങുന്ന മോശമായ അവസ്ഥ ഞങ്ങൾക്ക് വേണ്ടാ എന്നു പറഞ്ഞ് സാധാരണ അച്ചനായി തന്നെ ശുശ്രൂഷ ചെയ്യണമെന്ന് തീരുമാനിക്കാൻ പോകുകയാണോ? നമ്മുടെ മദ്ധ്യകേരള ഡയോസിസിന്റെ മാനം, ഗൗരവം, മര്യാദ എല്ലാം മൂന്ന് അച്ചൻമാരുടെ കയ്യിലാണ് ഇരിക്കുന്നത്. നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. കർത്താവെ നിന്റെ ഇഷ്ടം ചെയ്‌വാൻ എന്നെ പഠിപ്പിക്കേണമേ (സങ്കീ. 143:10).

**ദുഷ്പ്രവർത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്ക കൊണ്ടു മനുഷ്യർ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു (സഭാ. 8:11).**

ജാമക്കാരൻ : ഇപ്പോൾ പറയൂ ഞാൻ ഇതുവരെ എഴുതിയതിൽ എന്തെങ്കിലും തെറ്റുണ്ടോ?

ഈ മഹത്ത്വമായ ശുശ്രൂഷ ലഭിച്ച ബിഷപ്പുമാർ ഇനിയും പലരുമുണ്ട്. കർത്താവ് എനിക്ക് ആയുസ്സും. ആരോഗ്യവും തിരികെ തന്നാൽ ദൈവം അനുവദിക്കുന്നതുവരെ ഈ ശുശ്രൂഷയെ ഞാൻ നിറവേറ്റും.

പ്രാർത്ഥിക്കുന്നു   പ്രാർത്ഥിക്കണം.

# ONLINE BANKING (NEFT)

**Dr M G E PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842**  IFSC CODE - IFSC SBIN0001970 -10764116842
SWIFT CODE - SBININBB637- 10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** IFSC CODE - IFSC CNRB0001219- 1219101013622.
SWIFT CODE - CNRBINBBSLM -1219101013622.

# മഹത്ത്വമായ ശുശ്രൂഷ

**അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല (എബ്രാ. 5:4).**

ഈ വചനത്തിൽ മഹത്ത്വമായ ശുശ്രൂഷക്കുള്ള വിളിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഈ വചനം ഏതു പാസ്റ്റർക്കും, മിഷനറിമാർക്കും, പ്രാസംഗികൻമാർക്കും ബൈബിൾ അദ്ധ്യാപകർക്കും **ബാധകമല്ല**. അവർ ദൈവം എന്നെ ഈ മഹത്ത്വമായ ശുശ്രൂഷക്ക് വിളിച്ചിരിക്കുന്നു എന്നു പറയാൻ പാടില്ല.

- ☐ ഏതാണ് മഹത്ത്വമായ ശുശ്രൂഷ: മോശയുടെ കാലത്ത് ദൈവത്തിന്റെ ശുശ്രൂഷക്ക് പന്ത്രണ്ട് ഗോത്രത്തിൽ ഉള്ളവരിൽ വലിയ മത്സരം ഉണ്ടായിരുന്നു. അവരിൽ ലേവ്യ ഗോത്രത്തെയാണ് ദൈവം തിരഞ്ഞെടുത്തത്. ലേവ്യരുടെ ശുശ്രൂഷയിൽ നല്ല വരുമാനം ഉണ്ടായിരുന്നു. യാഗപീഠത്തിലേക്ക് വരുന്ന ഇറച്ചി, സ്തോത്രക്കാഴ്ചകൾ, ദശാംശം ഇവയെല്ലാം ലേവ്യഗോത്രക്കാർക്കു മാത്രമേ അനുഭവിക്കാനുള്ള അനുവാദമുള്ളൂ. എന്നാൽ മറ്റുള്ള ഗോത്രങ്ങൾ മോശ പറഞ്ഞാൽ കേൾക്കുകയില്ല. ദൈവം പറഞ്ഞാൽ മാത്രമേ അനുസരിക്കൂ എന്ന് ദൈവത്തെ പരീക്ഷിക്കാൻ ധൈര്യം കാട്ടി. ദൈവത്തിന് മഹാകോപം ഉണ്ടായി. ദൈവം മോശയോട് 12 ഗോത്രപിതാക്കൻമാരോട് നാളെ അവരവരുടെ വടി എടുത്തുകൊണ്ട് അതിൽ പന്ത്രണ്ട് ഗോത്രപിതാക്കൻമാരുടെ പേരെഴുതി പെട്ടകത്തിനുള്ളിൽ വയ്ക്കാൻ പറഞ്ഞു. പിറ്റേദിവസം പെട്ടകം തുറന്നു നോക്കിയപ്പോൾ ഏതുവടി തളിർത്തു പൂത്തിരിക്കുന്നുവോ ആ വടിയുടെ ഉടമസ്ഥനാണ് ഞാൻ തിരഞ്ഞെടുത്ത ശുശ്രൂഷകൻ എന്ന് പറഞ്ഞു.

□ സംഖ്യ. 17:8 പിറ്റെന്നാൾ മോശ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിലുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നത് കണ്ടു; അത് തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു.

സാധാരണമായ ഉണങ്ങിയ വടി നന്നായി ചെത്തി മിനുക്കി നിയമപെട്ടകത്തിൽ വെയ്ക്കപ്പെട്ടപ്പോൾ ആ വടി പൂത്ത് ഫലം കായ്ച്ചത് എങ്ങനെ ദൈവത്തിന്റെ അത്ഭുത പ്രവർത്തിയാണ് അത്.

സ്ഥാനത്തിനായുള്ള മത്സരം ആ കാലത്തു തന്നെ ഉണ്ടായിരുന്നു. ഈ സംഭവത്തെ കണ്ട ജനങ്ങൾ പേടിച്ച് വിറച്ച് ദൈവമേ ഞങ്ങളെ കൊന്നുകളയരുതേ എന്നു നിലവിളിച്ചു.

**□ ലേവ്യ ഗോത്രത്തിന്റെ പ്രത്യേകത**

യിസ്രയേലിലുള്ള മറ്റുള്ള ഗോത്രക്കാർ എവിടെ വേണമെങ്കിലും സ്വന്തമായി സ്ഥലം വാങ്ങി വീടു പണിയാം. എന്നാൽ അഹരോൻ എന്ന ലേവ്യൻ തനിക്ക് സ്വന്തമായി നിലമോ, സ്വത്തോ വാങ്ങാൻ പാടില്ല. യാഗപീഠത്തിൽ നിന്നു കിട്ടുന്നതെല്ലാം അവനും അവന്റെ കുടുംബത്തിനും ഭക്ഷിക്കാനും അനുഭവിക്കാനും അനുവാദമുണ്ട്. അങ്ങനെയാണെങ്കിൽ ലേവ്യഗോത്രത്തിന് ഒന്നും ഇല്ല. ഇതിന് ദൈവം പറയുന്ന മറുപടി എന്താണെന്ന് നോക്കൂ.

**□ യിസ്രയേൽ മക്കളുടെ ഇടയിൽ ഞാൻ തന്നെ നിന്റെ ഓഹരിയും അവകാശവും ആകുന്നു**

ആകാശത്തെയും, ഭൂമിയെയും ഉണ്ടാക്കിയ ഞാൻ തന്നെ നിന്റെ ഓഹരിയും, അവകാശവും എന്ന് കർത്താവു പറയുന്നു (സംഖ്യ 18:20). ഇങ്ങനെയിരിക്കെ ഇന്ന് പല ബിഷപ്പുമാർ വേറൊരുവന്റെ പേരിൽ സ്വത്തു വാങ്ങുക, വേറൊരുത്തന്റെ അക്കൗണ്ടിൽ പണം ശേഖരിക്കുക എന്നുള്ളതെല്ലാം ഇപ്പോൾ സർവ്വസാധാരണമായി കാണാൻ കഴിയും. പല ബിഷപ്പുമാർ സി.ബി.ഐ. –ൽ കുടുങ്ങിക്കിടക്കുന്നു. തന്നെയും തന്റെ വിളിയെയും മനസ്സിലാക്കാൻ കഴിയാത്തവരെക്കൊണ്ട് എത്രയധികം ദുഷ്പേരാണ് കേൾക്കുന്നത്.

# ഏതാണ് മഹത്തായ ശുശ്രൂഷ

12 ഗോത്രങ്ങളും അടങ്ങിയ എല്ലാ യിസ്രയേൽ ജനങ്ങളേയും വഴി നടത്തുന്ന ശുശ്രൂഷയാണ് ഇത്. ഈ കാലത്ത് അങ്ങനെയുള്ള **മഹത്വമായ** ശുശ്രൂഷയുണ്ടോ? പൊതുവെ സി.എസ്.ഐ., ലൂഥറൻ, മാർത്തോമാ, പെന്തക്കോസ്തു സഭകളിൽ ഇങ്ങനെയുള്ള മഹത്ത്വമായ ശുശ്രൂഷ കാണാൻ കഴിയുമോ?

- ***TPM (CPM)*** **സഭ**

***TPM (CPM)*** സഭകളുടെ ***MAIN CHURCH*** ചെന്നൈ ***TPM*** സെൻട്രൽ ചർച്ചിലുള്ള പ്രധാനപ്പെട്ട നാലു പാസ്റ്റർമാരിൽ ഒരാളുണ്ട്. അദ്ദേഹം മാത്രമാണ് മഹത്ത്വമായ ശുശ്രൂഷക്ക് യോഗ്യൻ (അന്യഭാഷ പറയുന്നത് ശ്രദ്ധിക്കേണ്ട) അവരുടെ ഇടയിൽ ഒരു ചിട്ടയുണ്ട്. **നേതൃത്വസ്ഥാനത്തിൽ** ഉള്ള വ്യക്തി പറഞ്ഞാൽ മറുത്തു പറയാതെ എല്ലാവരും അതനുസരിച്ചു നടക്കും.

- ***AOG*** **(അസംബ്ലിസ് ഓഫ് ഗോഡ്) സഭ**



അടുത്തതായി അന്യഭാഷ സംസാരിക്കുന്ന പെന്തക്കോസ്തു സഭകളിൽ ഏറ്റവും അധികം അംഗസംഖ്യയുള്ള ***AOG*** (അസംബ്ലിസ് ഓഫ് ഗോഡ്) സഭകളുടെ ഏഷ്യയുടെ ചെയർമാനായ പാസ്റ്റർ ഡി. മോഹൻ അവർകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷ ബൈബിളിൽ പറഞ്ഞിട്ടുള്ള മഹത്ത്വമായ ശുശ്രൂഷ അല്ല. ഇദ്ദേഹത്തിന് കീഴിലുള്ള ഒരു സഭയും ഇദ്ദേഹത്തിന്റെ കല്പന അനുസരിക്കുന്നില്ല. ഓരോ ***AOG*** സഭയും അതാതു പാസ്റ്റർമാരുടെ നിയന്ത്രണത്തിൽ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. ഒരു ***AOG*** സഭയുടെ പാസ്റ്ററുടെമേൽ എന്തെങ്കിലും പരാതി വന്നാൽ ***AOG*** പാസ്റ്റർ ഡി. മോഹൻ അവർകളാൽ ശിക്ഷിയ്ക്കാനോ, നടപടി എടുക്കാനോ കഴിയില്ല.

മരണമടഞ്ഞ പാസ്റ്റർ ***J.J.Y.*** അരുൾ പോലുള്ള പല പാസ്റ്റർമാർ പാസ്റ്റർ ഡി. മോഹനെക്കുറിച്ചും അദ്ദേഹം ചെയ്ത തെറ്റുകളെക്കുറിച്ചും വാൾപോസ്റ്റർ

അടിച്ച് പാസ്റ്റർ മോഹനെ അപമാനപ്പെടുത്തി. എന്നാൽ ഏഷ്യൻ (*AOG*) ചെയർമാനായ മോഹൻ അവർകളാൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. *AOG* സഭകൾ വളരെ ഏറെ അംഗസംഖ്യയുള്ള സഭകളാണെങ്കിലും അദ്ദേഹം ദൈവത്തിന്റെ മഹത്ത്വമായ ശുശ്രൂഷക്ക് തിരഞ്ഞെടുക്കപ്പെട്ടവനല്ല.

## ☐ *IPC* സഭ

*AOG* സഭക്കുശേഷം അധിക അംഗസംഖ്യയുള്ള സഭ *IPC* യാണ് അന്യഭാഷ സംസാരിക്കുന്ന സഭയാണ്. *IPC* സഭയുടെ സെൻട്രൽ ചർച്ച് കേരള സംസ്ഥാനത്തിലുള്ള കുമ്പനാട് ആണ് സ്ഥിതി ചെയ്യുന്നത്. ഈ സഭയിലും അടി, വെട്ട്, കുത്ത് എന്ന വിധത്തിൽ ബഹളം നടക്കുന്നു. ഇവരും ഒരു നേതൃത്വ സ്ഥാനത്തിരിക്കുന്നവർക്കും അടങ്ങാത്തവരാണ്. അതുകൊണ്ട് ഇവരും ദൈവം പറയുന്ന മഹത്വമായ ശുശ്രൂഷക്ക് തിരഞ്ഞെടുക്കപ്പെട്ടവരല്ല.

## ☐ മെതഡിസ്റ്റ് സഭ

ഇവർ നേതൃത്വ സ്ഥാനത്തിലുള്ള പ്രസിഡന്റ് എന്ന പേര് നീക്കി ബിഷപ്പ് എന്ന് മാറ്റി. നിയമപ്രകാരം അഞ്ച് വർഷത്തിലൊരിക്കൽ ഒരു ബിഷപ്പ് തിരഞ്ഞെടുക്കപ്പെടണം. മെതഡിസ്റ്റ് സഭകൾ അതാതു പാസ്റ്ററുടെ കീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നവയാണ്. ഒരേ നേതൃത്വത്തിൻ കീഴിൽ ചിട്ടയോടെ പ്രവർത്തിക്കാത്തതുകൊണ്ട് ഇവരും ദൈവം പറയുന്ന മഹത്ത്വമായ ശുശ്രൂഷക്ക് തിരഞ്ഞെടുക്കപ്പെട്ടവരല്ല.

## ☐ ലൂഥറൻ സഭ

ഈ സഭയിലുള്ള അച്ചൻമാർ ബിഷപ്പിനെ അനുസരിക്കുന്നില്ല. ലൂഥറൻ സഭ പല കഷണങ്ങളായി കീറി *ALC* എന്നും *TELC* എന്നും വേർപിരിഞ്ഞു കിടക്കുന്നു. ഇതും ദൈവം പറയുന്ന മഹത്ത്വമായ ശുശ്രൂഷക്ക് തിരഞ്ഞെടുക്കപ്പെട്ടവരല്ല.

## ☐ *CSI & CNI* സഭ

അവസാനമായി കാണുന്നത് ഈ രണ്ട് വലിയ സഭകളാണ്. ഇവ ബൈബിൾ പറയുന്ന ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട സഭകളാണ്.

കാരണം ഓരോ ഡയോസിസിലും ഉള്ള ബിഷപ്പുമാർക്കും അളവിലധികമായി അധികാരങ്ങളും, ശക്തിയും ഉണ്ട്. ഇവർ വിചാരിച്ചാൽ ആരെ വേണമെങ്കിലും സഭയിൽ നിന്നും നീക്കം ചെയ്യാൻ കഴിയും. തന്റെ ഇഷ്ടപ്രകാരം ***CSI*** യുടെ നിയമങ്ങളെ മാറ്റാൻ കഴിയും. ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. **സൗദിയിൽ** നിന്നും ഇന്ത്യയിലേക്ക് വന്നവർ രണ്ട് ആഴ്ചക്കുള്ളിൽ വിവാഹം ചെയ്യണമെങ്കിൽ **ബിഷപ്പിന്റെ** ദയവ് വേണം. **ജാമക്കാരനിൽ** പല ബിഷപ്പുമാരുടെ **അഴിമതികളെക്കുറിച്ചും**, അവരുടെ തെറ്റായ **ആധുനിക ഉപദേശങ്ങളെ**ക്കുറിച്ചും വ്യക്തമായി എഴുതിയാലും ആരും ബിഷപ്പിനെ എതിർത്ത് ചോദ്യം ചോദിക്കുന്നില്ലല്ലോ! കാരണം പല വിഷയങ്ങളിൽ ബിഷപ്പുമാരുടെ ദയവ് **ഇവർക്കാവശ്യമുണ്ട്**. പ്രത്യേകിച്ച് ***CMC*** (വെല്ലൂർ) ആശുപത്രിയിൽ ***MBBS*** പഠിക്കാൻ ***CSI*** സഭ ക്രിസ്ത്യാനിക്കൾക്ക് സ്പോൺസർഷിപ്പ് ഓഫറുണ്ട്. ഇതുപോലെ തന്നെ എഞ്ചിനീയറിംഗ് കോളേജിലും ഉണ്ട്. ഇങ്ങനെ പല പഠിപ്പിന് ബിഷപ്പിന്റെ ദയവ് വളരെ ആവശ്യമാണ്.

യിസ്രായേലിൽ പന്ത്രണ്ട് ഗോത്രങ്ങളും ലേവ്യരുടെ ചട്ടങ്ങൾക്ക് കീഴടങ്ങിയിരിക്കണം. അതുപോലെ തന്നെ സൗത്ത് ഇന്ത്യയിലുള്ള ഇരുപത്തിനാല് ഡയോസിസുകൾക്കും 24 ബിഷപ്പുമാരുണ്ട്. ഇവർ ഹ്രസ്വകാല രാജാക്കൻമാരെപ്പോലെ സർവ്വ അധികാരവും പ്രാപിച്ചവരാണ്. അതുകൊണ്ട് ഇവരുടെ സ്ഥാനമാണ് മഹത്ത്വമായ ശുശ്രൂഷ.

അഹരോന് ദൈവമാണ് മഹത്ത്വമായ ശുശ്രൂഷ നല്കിയത്. എന്നാൽ ബിഷപ്പുമാരിൽ ഭൂരിപക്ഷം പേരെയും പണമാണ് നിർണ്ണയിക്കുന്നത്. അതുകൊണ്ട് ഈ ബിഷപ്പുസ്ഥാനം ദൈവം തന്നതല്ല. ദൈവത്താൽ അനുവദിക്കപ്പെട്ടവർ എന്നു പറയാം. അതുകൊണ്ട് പല ബിഷപ്പുമാർ തന്റെ അധികാരത്തെ അന്യായത്തിനും പഴിവാങ്ങുന്നതിനും ദുരുപയോഗം ചെയ്തു വരുന്നു.

പഴയനിയമ കാലത്ത് യോഗ്യതയില്ലാതെ ആലയത്തിൽ ജോലി ചെയ്താൽ ആ നിമിഷത്തിൽ തന്നെ ദൈവകോപം ഇറങ്ങും. ഉസിയാ രാജാവിന് നെറ്റയിൽ കുഷ്ഠം ഉണ്ടായി. അതിനുശേഷം കൊട്ടാരത്തിൽ താമസിക്കാൻ കഴിയാതെ പാളയത്തിന് പുറത്ത് ഭിക്ഷക്കാരനെപ്പോലെ തള്ളി കളയുന്ന അവസ്ഥയുണ്ടായി.

എന്നാൽ പുതിയനിയമ സഭ തുടങ്ങിയതിനുശേഷം യോഗ്യത ഇല്ലാതെ ബിഷപ്പിന്റെ ശുശ്രൂഷ ചെയ്താൽ ഒരു ശിക്ഷയും ദൈവം അവർക്ക് നല്കുന്നില്ല. കാരണം ഇത് കൃപയുടെ കാലം. ശിക്ഷ വരാത്തതുകൊണ്ട് അത് അനുകൂലമാക്കിക്കൊണ്ട് പാപ പ്രവൃത്തിയിൽ തുടരുന്നു.

കേരളത്തിൽ **മാർത്തോമ** എന്ന സഭയുണ്ട്. ആ സഭയുടെ ബിഷപ്പുമാർ ചിലർക്ക് എതിരായി അനവധി സ്വവർഗരതി പരാതികളും സ്ത്രീകളെക്കുറിച്ച് സെക്സ് പരാതികളും ഉണ്ട്. അതിൽ പ്രത്യേകിച്ച് ബിഷപ്പ് ഐറേനിയസ് തിരുമേനി എന്ന് ആദ്യകാല പേരിൽ വിളിക്കപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ മേലാണ് അധിക അളവിൽ സ്ത്രീകളോട് സെക്സ് വച്ചതിന്റെ പേരിൽ പരാതികൾ ഉണ്ടായത്. ഇതിനെക്കുറിച്ച് മാർത്തോമ ജനറൽ ബോഡി യോഗത്തിൽ ചോദ്യങ്ങൾ ഉയർന്നിരുന്നു. കോഴഞ്ചേരി വലിയ സഭയിലുള്ള യൂത്ത് കമ്മറ്റി പുറത്ത് വിട്ട ലഘുലേഖ മൂലമായി മാർത്തോമ സഭക്കാർ ഈ വിവരം അറിഞ്ഞു. വിചാരണ എന്ന പേരിൽ ബിഷപ്പുമാർ എല്ലാവരും ഒന്നിച്ചു കൂടി ഈ പരാതികൾക്കൊന്നും തെളിവില്ല എന്നു പറഞ്ഞ് അതിനെ തള്ളിക്കളഞ്ഞു.

അതോടും നിർത്താതെ ആ പ്രത്യേക ബിഷപ്പവർകൾക്ക് മാർത്തോമാ സഭയുടെ ഏറ്റവും ഉയർന്ന സ്ഥാനമായ **മെത്രാപ്പോലീത്താ** എന്ന പേർ നല്കി സ്ഥാനക്കയറ്റം കൊടുത്തു. ഇദ്ദേഹത്തിന്റെ കീഴിലാണ് എല്ലാ മാർത്തോമാ സഭകളും അച്ചൻമാരും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ഇപ്പോൾ മാർത്തോമാ ആരാധനക്രമ പ്രകാരം ആലയ ആരാധനാ ചടങ്ങിൽ തന്റെ കൈകൊണ്ട് ധൂപം ഏന്തി **ആൾട്ടറിൽ** ആരാധന നടത്തി

വരുന്നു. ദൈവത്തിന്റെ ശിക്ഷ അദ്ദേഹത്തിന്റെ മേൽ വന്നില്ലല്ലോ! കാരണം ഇതു കൃപയിൻ കാലം.

അതുകൊണ്ട് അഹരോന്റെ **മഹത്ത്വമായ ശുശ്രൂഷാ ഉത്തരവാദിത്വം** ഇങ്ങനെയുള്ള ബിഷപ്പുമാരുടെ കൈയ്യിൽ ദൈവം കൊടുത്ത് അനുവദിച്ചിരിക്കുന്നു.

# താൻ പെറ്റമക്കളുടെ പാപജീവിതം കാരണം സാക്ഷ്യം നഷ്ടപ്പെട്ടു പോയ ബിഷപ്പുമാർ

സ്വന്തമക്കൾക്കുവേണ്ടി ഡയോസിസിന്റെ പണം സഭാജനങ്ങൾ അറിയാതെ എടുത്ത് ചെലവഴിക്കപ്പെടുന്നു. ഇതിന് അതാതു ഡയോസിസിലുള്ള സെക്രട്ടറിമാരും ഭാരവാഹികളും അനുകൂലമായിരിക്കുന്നതുകൊണ്ട് ബിഷപ്പുമാർ സെക്രട്ടറിമാരെ അനുസരിച്ചു നടക്കുന്നു. അവർ കാണിക്കുന്ന സ്ഥലത്ത് ചോദ്യം ചെയ്യാതെ ഒപ്പ് വെച്ച് അടിമകളെപ്പോലെ ഇരിക്കുന്നു.

## തിരുച്ചി – തഞ്ചാവൂർ *CSI* ഡയോസിസ്

ബിഷപ്പ് ശ്രീനിവാസകം അവർകളുടെ മകൻ ഒരു സുന്ദരിയായ പെൺകുട്ടിയെ പ്രേമിച്ച് വിവാഹം കഴിച്ചു. ആ പെൺകുട്ടി വളരെ അറിവുള്ളവളായിരുന്നു. ബിഷപ്പ് എവിടെ പോയാലും കൂടെ കൊണ്ടു പോകുമായിരുന്നു. രാവിലത്തെ ഭക്ഷണം കഴിക്കുമ്പോൾ ഡയോസിസിനു വന്ന കത്തുകളെ പൊട്ടിച്ച് അതിലുള്ള വിവരങ്ങളെക്കുറിച്ച് പറയുമായിരുന്നു. എന്താണ് മറുപടി എഴുതേണ്ടത് എന്ന വിഷയത്തെയും ആ പെൺകുട്ടിയോട് ബിഷപ്പ് പറയും. ബിഷപ്പിന്റെ പി.എ. –യെ പോലെ ഡയോസിസിനെ **നിയന്ത്രിച്ചും** വന്നു. പെട്ടെന്ന് മകന് ജോലി കിട്ടി അമേരിക്കയിലേക്ക് പോയി. അവിടെ ഒരു (നീഗ്രോ) കറുത്ത വർഗ്ഗത്തിൽ പെട്ട പെണ്ണിനെ വിവാഹം ചെയ്തു കുടുംബവും നടത്തി വന്നു. താൻ വീണ്ടും ഇന്ത്യയിലേക്ക് വന്ന്

മാതാപിതാക്കളെ കാണണമെങ്കിൽ ആ ആദ്യഭാര്യയെ വീട്ടിൽ നിന്നും പുറത്താക്കണം എന്നു മകൻ പറഞ്ഞു. മകന്റെ മേലുള്ള സ്നേഹം കൊണ്ട് ബിഷപ്പ് തന്റെ മരുമക്കൾക്ക് പണം കൊടുത്ത് അവളെ അമ്മ വീട്ടിലേക്ക് പറഞ്ഞു വിട്ടു. എന്നാൽ അവൾ തന്റെ വീട്ടിലേക്ക് പോകാതെ ബിഷപ്പിന്റെ വീടിനു മുമ്പിൽ നിരാഹാരം കിടന്നു. ഒന്നും നടന്നില്ല. എന്നാൽ ആ പെണ്ണ് ഡോക്ടറായ എന്നോട് വിവരം അറിയിച്ചതുകൊണ്ട് ഞാൻ തന്നെ നേരിട്ട് തിരുച്ചിക്ക് ചെന്ന് പ്രശ്നത്തിൽ തലയിട്ടു നോക്കി. ഈ കാരണത്താൽ ബിഷപ്പെന്നെ വെറുത്തു. ഇപ്പോൾ ആ പെൺകുട്ടി ട്രാവൽ ഏജന്റ് ഓഫീസിൽ ജോലി ചെയ്തു വരുന്നു. ഇദ്ദേഹം മകനാൽ സാക്ഷ്യം നഷ്ടപ്പെട്ട ബിഷപ്പായി മാറി.

## കോയമ്പത്തൂർ *CSI* ഡയോസിസ് ബിഷപ്പ് ദുരൈ



Rt. Rev. DURAI

**ബിഷപ്പ് ദുരൈ** അവർകളുടെ ഏകമകൾ ഉയർന്ന വിദ്യാഭ്യാസം നേടിയവളാണ്. **കൂനൂർ** (ഊട്ടി) ***CSI*** സഭയിലുള്ള ഓട്ടോ ഡ്രൈവറും, ബ്രോക്കറുമായ ഒരുത്തനെ പ്രേമിച്ച് രജിസ്റ്റർ വിവാഹം ചെയ്ത് 6 മാസം രഹസ്യമായ ഒരിടത്ത് കുടുംബം നടത്തി വന്നു. അപ്പോഴാണ് ബിഷപ്പ് ദുരൈക്ക് ബിഷപ്പായി സ്ഥാനക്കയറ്റം ലഭിച്ചത്. എങ്ങനെയോ മകളെ കണ്ടുപിടിച്ച് ഉയർന്ന വിദ്യാഭ്യാസത്തിനായി ഓസ്ട്രേലിയായിലേക്ക് പറഞ്ഞയച്ചു. എന്നാൽ അവൾ അവിടെ വിദ്യാഭ്യാസം തുടരാതെ ഇന്ത്യയിലേക്ക് മടങ്ങി വന്നു. ഉടൻ തന്നെ ബിഷപ്പ് തന്റെ അന്തസ്സിന് ഭംഗം വരാതിരിക്കാൻ വേണ്ടി വേറൊരുത്തനെ കണ്ടുപിടിച്ച് വേഗത്തിൽ **കള്ളത്തരമായി** വിവാഹം ചെയ്തു വച്ചു. ആ വിവാഹം സേലം അസ്തംപെട്ടി ***CSI*** പള്ളിയിൽ വച്ച് പോലീസിന്റെ അകമ്പടിയോടെയായിരുന്നു നടത്തിയത്. ***CSI*** യുടെ നിയമപ്രകാരം മൂന്നു ആഴ്ച ജനങ്ങളെ അറിയിച്ചശേഷം നടത്തേണ്ടിയിരുന്ന വിവാഹത്തെ ***CSI***

നിയമങ്ങളെ വലിച്ചെറിഞ്ഞ് 15 മിനിറ്റിനുള്ളിൽ താലികെട്ടി വിവാഹ ചടങ്ങുകൾ നടത്തി കൂട്ടിക്കൊണ്ടു പോയി.

**മകളുടെ മേലുള്ള സ്നേഹം, ബിഷപ്പിന്റെ അന്തസ്സിനുവേണ്ടി, ബിഷപ്പ് സാക്ഷ്യം നഷ്ടപ്പെടുത്തി**. അതിനുശേഷം പോളിടെക്നിക്കിന്റെ പല കോടി പണത്തെ തന്റെ ബാങ്ക് അക്കൗണ്ടിൽ ചേർത്തത് ജാമക്കാരൻ മാസികയിൽ പുറത്തു വിട്ടിരുന്നു. പോലീസ് അദ്ദേഹത്തെ പിടിച്ച് ജയിലിൽ അടച്ചു. ***CSI*** സഭയുടെ ചരിത്രത്തിൽ ഈ ബിഷപ്പിനെയാണ് **സിനഡ്** ആദ്യമായി **ഡിസ്മിസ് ചെയ്തു ബിഷപ്പ് സ്ഥാനത്തു നിന്നും പുറത്താക്കിയത്**. ഇപ്പോൾ ഇദ്ദേഹത്തിന്റെ ജീവിതം വളരെ പരിതാപകരമാണ്. മഹത്ത്വമായ ശുശ്രൂഷയെ ഉദാസീനതയോടെ ചെയ്തതുകൊണ്ട് സാക്ഷ്യം നഷ്ടപ്പെട്ടു. പട്ടക്കാരന്റെ ശുശ്രൂഷ കൂടെ ചെയ്യാൻ കഴിയാതെ ഒറ്റപ്പെടുത്തപ്പെട്ടു.

## തൂത്തുക്കുടി - നാസറേത്ത് *CSI* ഡയോസിസ്




Rt., Rev. Deva sagayam

തൂത്തുക്കുടി ***CSI*** ബിഷപ്പ് അവർകൾ മിലിട്ടറി ലൈൻ ***CSI*** സഭാ അച്ചനായിരിക്കുമ്പോൾ വളരെ നല്ലവനായിരുന്നു. എന്നെ വിളിച്ച് 4 ദിവസങ്ങൾ യോഗം നടത്തിയിരുന്നു. എന്റെ പ്രസംഗം കേട്ട് ഇതുപോലുള്ള ബൈബിൾ പഠനം ഇതുവരെ ഞാൻ കേട്ടിട്ടില്ല, ഈ പ്രസംഗം നമ്മുടെ എല്ലാ ഡയോസിസ് സഭക്കും വളരെ അധികം ആവശ്യമാണെന്ന് ആകാശത്തോളം എന്നെ പുകഴ്ത്തി.

ബിഷപ്പ് സ്ഥാനത്തേക്ക് വന്ന ഉടനെ ഇദ്ദേഹത്തിന്റെ സ്വഭാവം ആകെ മാറി. തന്റെ മകന്റെ ജീവിതത്തിൽ നാടാരല്ലാത്ത വേറൊരു ജാതിയിലുള്ള പെണ്ണിനെ വിവാഹം കഴിച്ച് കുട്ടികൾ ഉണ്ടായതിന്റെ ചില മാസങ്ങൾക്കുശേഷം മകന്റെ രണ്ടാമത്തെ ഭാര്യയുടെ കുടുംബക്കാർ ബിഷപ്പിനെ ബ്ലാക്ക് മെയിൽ ചെയ്യാൻ

തുടങ്ങി ഓരോ പ്രാവശ്യവും 40 ലക്ഷം, 50 ലക്ഷം എന്നു ചോദിച്ചു വാങ്ങി. ഡയോസിസ് **ഭാരവാഹികൾ മധ്യസ്ഥത** ചെയ്തിട്ടും അവരുടെ ഭീഷണി തീർന്ന മട്ടില്ല. ഇനി ഡയോസിസ് മൂലമായി പണം കൊടുക്കാൻ കഴിയില്ല എന്നും, ഡയോസിസിൽ പണം ഇല്ല എന്നും സെക്രട്ടറി കൈമലർത്തി. ഇപ്പോൾ ബിഷപ്പിന്റെ നോട്ടം **നാസറേത്ത്** വലിയ സഭയിലുള്ള ചില കോടി പണത്തിന്മേൽ ആയി. എന്നാൽ നിർവ്വാഹക കമ്മറ്റി, ഈ പണം നാസറേത്തിൽ ദന്താശുപത്രിക്കും, പോളിടെക്നിക് പണിയാനായും ജനങ്ങൾ **അല്പാല്പമായി** ശേഖരിച്ചതാണ്. ഇതിൽ നിന്നും ഒരു പൈസപോലും എടുക്കാൻ പറ്റില്ല എന്നു പറഞ്ഞു. ഉടൻ തന്നെ പണം എടുക്കാൻ തടസമായിരുന്ന ഓഫീസിലെ അക്കൗണ്ടന്റ് അഗസ്റ്റിൻ എന്നയാളെ ബിഷപ്പ് അവർകൾ ഒരു കാരണവും ഇല്ലാതെ ഡിസ്മിസ് ഓർഡർ കൈയ്യിൽ കൊടുത്ത് അദ്ദേഹത്തെ ഓഫീസിൽ നിന്നും പുറത്താക്കി. എത്ര യാചിച്ചിട്ടും ബിഷപ്പിന്റെ മനസ്സലിഞ്ഞില്ല.

പിറ്റേദിവസം രാവിലെ പതിവിനു വിപരീതമായി പള്ളിമണി അടിക്കാൻ തുടങ്ങി. ആരാധനയില്ലാത്ത സമയം എന്തിനാണ് ഈ പള്ളിമണി അടിച്ചതെന്ന് നാട്ടുകാരെല്ലാം പള്ളിക്ക് മുമ്പിൽ ഓടിക്കൂടി. ചരിത്ര പ്രസിദ്ധമായ ആ പള്ളിഗോപുരം മറ്റുള്ള പള്ളിഗോപുരങ്ങളെക്കാൾ ഉയരം കൂടിയതാണ്. ഗോപുരത്തിന്റെ ഏറ്റവും മുകളിൽ ഡിസ്മിസ് ചെയ്യപ്പെട്ട അഗസ്റ്റിൻ അദ്ദേഹത്തിന്റെ ഭാര്യയും രണ്ടു മക്കളും നിന്നുകൊണ്ട് എന്റെ ഡിസ്മിസ് ഓർഡർ പിൻവലിച്ചില്ലെങ്കിൽ ഞങ്ങൾ 4പേരും ഇവിടെ നിന്നും ചാടി ആത്മഹത്യ ചെയ്യുമെന്ന് അവർ പറഞ്ഞു.



പോലീസ് അവിടെ വന്ന് വളരെ നേരം സമാധാനപ്പെടുത്തിയിട്ടും തങ്ങൾ എടുത്ത തീരുമാനത്തിൽ അവർ ഉറച്ചു




നിന്നു. ദിനപത്രക്കാർ, ടി.വി. റിപ്പോർട്ടേഴ്സ് തുടങ്ങിയ എല്ലാ മീഡിയകളും അവിടെ തടിച്ചു കൂടിയിരുന്നു. പോലീസ് ഉദ്യോഗസ്ഥൻ അവിടെയുള്ള സാഹചര്യത്തെ കുറിച്ച് ബിഷപ്പിനോട് എടുത്ത് പറഞ്ഞ് വിപരീതമായി എന്തെങ്കിലും നടക്കുന്നതിന് മുമ്പ് ഡിസ്മിസ് ഓർഡർ പിൻവലിച്ചുകൊണ്ടുള്ള ഓർഡർ അയച്ചു തരിക അങ്ങനെ ചെയ്യാത്ത പക്ഷം നിങ്ങൾ എല്ലാവരും ജയിലിൽ പോകേണ്ടി വരും എന്ന് ജാഗ്രത നിർദ്ദേശം നല്കി. ഉടൻ തന്നെ ഫാക്സ് മൂലം ഡിസ്മിസ് ഓഡർ പിൻവലിച്ചതായി കത്തയച്ചു. അവർ നാലുപേരും താഴെ ഇറങ്ങി പ്രശ്നം ലളിതമായി തീർത്തു. എന്നാൽ പിറ്റേദിവസം രാവിലെ എപ്പോഴും പോലെ അഗസ്റ്റിൻ അവർകൾ ഓഫീസിലേക്ക് വന്നപ്പോൾ ആ റൂമിന്റെ പൂട്ട് ഉടയ്ക്കപ്പെട്ട് റൂമിലുണ്ടായിരുന്ന കമ്പ്യൂട്ടറുകൾ, മെഡിക്കൽ കോളേജിന് വേണ്ടി ശേഖരിച്ചു വച്ച ബാങ്ക് അക്കൗണ്ട് ഡപ്പോസിറ്റു സംബന്ധമായ എല്ലാ രേഖകളും രാത്രി തന്നെ തൂത്തുക്കുടി ബിഷപ്പ് ഓഫീസിലേക്ക് എടുത്തു കൊണ്ടുപോയി എന്നു മനസ്സിലാക്കി. വിവരം അറിഞ്ഞ സഭാജനങ്ങൾ വളരെ അധികം **ബഹളം ഉണ്ടാക്കി**. എന്നാൽ ബിഷപ്പിന്റെ അധികാരത്തിനു മുമ്പിൽ നിസ്സഹായരായി നില്ക്കേണ്ടി വന്നു.

ബിഷപ്പിന്റെ മകൻ ചെയ്ത പാപത്തിന് വേണ്ടി മകന്റെ ഭാര്യയുടെ കുടുംബത്തിനായി ഡയോസിസിൽ നിന്നും പണം എടുത്തു കൊടുക്കേണ്ടി വന്നു. ബിഷപ്പ് അവർകളുടെ ഫോട്ടോ സഹിതം അദ്ദേഹം ചെയ്ത കാര്യത്തെക്കുറിച്ച് വളരെ മോശമായി ദിനപത്രങ്ങളിലും, ആഴ്ചപതിപ്പുകളിലും എഴുതി പുറത്തു വിട്ടിരുന്നു. ആർക്കാണ് അപമാനം? പുറജാതികളുടെ മദ്ധ്യേ ദൈവനാമം ദുഃഷിക്കപ്പെട്ടു. സ്വന്തം മകൻ മൂലം സാക്ഷ്യം നഷ്ടപ്പെട്ട പട്ടികയിൽ തൂത്തുക്കുടി ബിഷപ്പിന്റെ പേരും സ്ഥാനം പിടിച്ചത് ക്രിസ്ത്യാനികൾക്ക് അപമാനമായി. അഹരോനെപ്പോലെ മഹത്ത്വമായ ശുശ്രൂഷയാണ്. എന്നാൽ യോഗ്യതയില്ലാത്ത വ്യക്തിക്ക് ആ ബിഷപ്പു പദവി ദൈവത്താൽ അനുവദിക്കപ്പെട്ടു.

## സൗത്ത് കേരള *CSI* ഡയോസിസ്

## ബിഷപ്പ് സാമുവേൽ അമൃതം അവർകൾ

സൗത്ത് കേരളാ ഡയോസിസ് ഔദ്യോഗിക മാസികയായ ക്രൈസ്തവ ദീപികയിൽ ഇദ്ദേഹം എഴുതിയ അറിയിപ്പ് എന്തെന്നാൽ എല്ലാ ദൈവവും ഒന്ന് എല്ലാ മതങ്ങളും, വിഗ്രഹ ദൈവങ്ങളും ഒന്ന് എന്നും യേശു ഒരുവൻ മാത്രം തന്നെ അത്ഭുത സൗഖ്യം തരുവാൻ സാധിക്കും എന്ന ക്രിസ്ത്യാനികളുടെ ചിന്ത മാറണം വിഗ്രഹദൈവമായ ശിവനും അത്ഭുത സൗഖ്യം തരുവാൻ സാധിക്കും എന്നുള്ളത് നിങ്ങൾ അറിയണം. അങ്ങനെ ഒരു അത്ഭുത സൗഖ്യം ലഭിച്ചതിന് ഞാൻ തന്നെ ഒന്നാമത്തെ സാക്ഷി. യേശു പറഞ്ഞു ഞാൻ തന്നെ വഴി, ഞാൻ തന്നെ സത്യം, ഞാൻ തന്നെ ജീവൻ, ഞാൻ തന്നെ വാതിൽ. ഈ വാതിൽ വഴിയല്ലാതെ സ്വർഗ്ഗത്തിൽ ചെല്ലുവാൻ വേറെ വഴി ഇല്ല. ഈ വചനം തന്നെ ക്രിസ്ത്യാനികൾ തെറ്റിദ്ധരിക്കുന്നു.


Rt. Rev. Samuel Amirtham

ഈ വചനമാണ് നമ്മെ മറ്റു മതജനങ്ങളിൽ നിന്നും വേർപിരിക്കുന്നതും. ഈ ചിന്ത മാറണം.

ഇതു വായിച്ച എല്ലാ ***CSI*** ക്രിസ്ത്യാനികൾക്കും ഞെട്ടൽ ഉണ്ടായി. എല്ലാ സഭകളും തങ്ങളുടെ എതിർപ്പ് ബിഷപ്പിനെ അറിയിച്ചു. വെളിയിലുള്ള മറ്റു സഭകളിൽ നിന്നും എതിർപ്പു കത്തുകൾ ബിഷപ്പിനു ലഭിച്ചു. ഉടൻ തന്നെ ആ പ്രസ്താവന ബിഷപ്പ് പിൻവലിച്ചു. ഇത് അദ്ദേഹത്തിന്റെ സാക്ഷിയെ നഷ്ടപ്പെടുത്തി.

ബിഷപ്പ് സാമുവേൽ അമൃതം അവർകളുടെ മകൾ വിദേശത്ത് വിവാഹം കഴിച്ച് ഭർത്താവിനോടുകൂടെ ജീവിക്കാൻ കഴിയാത്തതു കൊണ്ട് ബിഷപ്പ് അവർകൾ തന്റെ പദവിയുടെ സാക്ഷ്യത്തെ നഷ്ടപ്പെടുത്തി. രോഗം ബാധിച്ച് കൈകാലുകൾ ചലനമറ്റ നിലയിൽ മരിച്ചു പോയി.

മരിച്ച ബിഷപ്പ് സാമുവൽ അമൃതം അവർകളുടെ ആത്മാവ് ഇപ്പോൾ യേശുവിന്റെ അടുത്തു പോകുമോ? സങ്കല്പ ദൈവമായ ശിവന്റെ അടുത്തു പോകുമോ? സാക്ഷ്യവും നഷ്ടപ്പെട്ടു. ആത്മാവിനെയും നഷ്ടപ്പെടുത്തിയ ***CSI*** ബിഷപ്പ് ഇദ്ദേഹം ഒരാൾ മാത്രം.

## ബിഷപ്പ് ഗ്ലാഡ്സ്റ്റൺ അവർകൾ

അതേ സൗത്ത് കേരള ഡയോസിസ് ബിഷപ്പ് അവർകളുടെ മകൻ അമേരിക്കയിൽ ഉയർന്ന പദവിയിൽ ഇരിക്കുന്ന ആളാണ്. ഇദ്ദേഹം കറുത്ത വർഗ്ഗത്തിലുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിച്ച് അമേരിക്കയിൽ തന്നെ താമസിക്കുന്നു. ഇത് ബിഷപ്പ് അവർകൾക്ക് വലിയ അപമാനത്തെ ഉണ്ടാക്കി. ഇതുകൂടാതെ പെന്തക്കോസ്തു സഭാ പാസ്റ്റർ കെ.പി. യോഹന്നാൻ (ബിലീവേഴ്സ് ചർച്ച്) അവർകളെ ബിഷപ്പായി അഭിഷേകം ചെയ്യാൻ 12 കോടി കൈക്കൂലിയായി വാങ്ങി. ഈ വലിയ തെറ്റിനെ ചെയ്ത്



Most Rev. Gladstone

എല്ലാ ***CSI*** സഭാ ജനങ്ങൾക്കും ബിഷപ്പ് അവർകൾ കൊടും ദ്രോഹത്തെ ചെയ്തു. ചില കാലങ്ങളായി മാനസികമായി ബാധികപ്പെട്ട്, മനസാക്ഷി കുത്തോടെ, സാക്ഷ്യം നഷ്ടപ്പെട്ട് വേദനിച്ചു കൊണ്ടിരിക്കുന്നു.

## മോസ്റ്റ് റവ. ധർമ്മരാജ് റസാലം അവർകൾ

തിരുവനന്തപുരം ***CSI*** ബിഷപ്പും ഇപ്പോൾ 24 ***CSI*** ഡയോസിസുകൾക്കും നേതൃത്വം വഹിക്കുന്ന മോഡറെറ്റർ മോസ്. റവ. ധർമ്മരാജ് റസാലം



Most Rev. Dharmaraj Rasalam

അവർകളുടെ ഏകമകൾ ഹിന്ദുമതത്തിൽപ്പെട്ട ഒരുവനെ (രഹസ്യമായി വിവാഹം ചെയ്തു) രജിസ്റ്റർ വിവാഹം ചെയ്തു. **ആദ്യത്തെ താലികെട്ടി**. ഭർത്താവിന്റെ കുടുംബക്കാരുടെ നിർബന്ധ പ്രകാരം ഹിന്ദുകളുടെ അമ്പലത്തിൽ വച്ച് **രണ്ടാം താലിയും കെട്ടി**. ബിഷപ്പ് അവർകൾ ക്രിസ്ത്യൻ നിയമപ്രകാരം ***CSI*** പള്ളിയിൽ വച്ച് മൂന്നാമത്തെ പ്രാവശ്യവും താലികെട്ടി പറഞ്ഞു വിട്ടു. ഇത് **മൂന്നാമത്തെ താലികെട്ടാണ്**. ഇപ്പോൾ ആ ഹിന്ദു പയ്യൻ ഇടയ്ക്കിടക്ക് പണം ചോദിച്ച് ബിഷപ്പിനെ ഭീഷണിപ്പെടുത്താൻ തുടങ്ങി. വേറെ വഴിയില്ലാതെ ചോദിക്കുമ്പോഴെല്ലാം ലക്ഷങ്ങൾ കൊടുത്തയച്ചു.

ഈ പണത്തിന് ഇവർ ഡയോസിസിലും, മെഡിക്കൽ കോളേജിലും കണക്കിലില്ലാത്ത പല കോടികൾ കൈപ്പറ്റി ചെലവഴിച്ചു.

***CBI*** യുടെ കൈയ്യിൽ കുടുങ്ങി. ബിഷപ്പ് കുറ്റവാളിയാണെന്ന് വിധിച്ച് 7 കോടി രൂപ പിഴ അടയ്ക്കണമെന്ന് കോടതിയിൽ നിന്നും ഓർഡർ വന്നു. എന്നാൽ അദ്ദേഹം പിഴ അടച്ചില്ല. 4–ാം പ്രാവശ്യം ഒക്ടോബർ മാസത്തിൽ കോടതി ജാഗ്രതാ നോട്ടീസ് അയച്ചിരിക്കുന്നു.

അഹരോനെപ്പോലെ മഹത്വമായ ശുശ്രൂഷ ബിഷപ്പ് അവർകൾക്ക് അനുവദിക്കപ്പെട്ടിരുന്നു. എന്നാൽ സ്വന്തം മകളുടെ പ്രവർത്തിയാലും, മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ കൈയ്യിൽ നിന്നും ഡൊണേഷൻ

എന്ന പേരിൽ വാങ്ങിയ പല കോടി രൂപ അഴിമതിയാലും ബിഷപ്പ് അവർകളുടെ സാക്ഷ്യം നഷ്ടപ്പെട്ട് ***CSI*** സഭക്കാർക്ക് വലിയ അപമാനമായിത്തീർന്നു.

## കന്യാകുമാരി *CSI* ഡയോസിസ്



Most Rev. Devakadatcham

കന്യാകുമാരി ***CSI*** ഡയോസിസ് ബിഷപ്പായും 24 ***CSI*** സഭാ ഡയോസിസുകളുടെ നേതൃത്വസ്ഥാനമായ മോഡറെറ്റർ പദവി വഹിച്ച മോസ്റ്റ്. റവ. ദേവകടാക്ഷം അവർകൾ തന്റെ മകൻ ഒരു പെൺകുട്ടിയെ പ്രേമിച്ച് ഗർഭിണിയാക്കി, അവളെ ഉപേക്ഷിച്ചു. ആ പെൺകുട്ടി ഒരു അച്ചന്റെ മകൾ ആയിരുന്നു. ബിഷപ്പ് അവർകൾ ഇതിൽ തലയിട്ട് അവളെ ഗർഭഛിദ്രം ചെയ്യാൻ പല ലക്ഷങ്ങൾ ചെലവ് ചെയ്ത് അവളെ വേറൊരു യുവാവിന് വളരെ അധികം പണം കൊടുത്ത് വിവാഹം ചെയ്ത് ദൂരത്തേക്ക് പറഞ്ഞു വിട്ടു.

അച്ചനായ ആ പെൺകുട്ടിയുടെ അപ്പന് നാഗർകോവിലിലുള്ള ഒരു വലിയ സഭയിൽ വല്ല്യച്ചനായി സ്ഥാനം കൊടുത്ത് അച്ചന്റെ വായടച്ചു. ഇദ്ദേഹവും കെ.പി. യോഹന്നാനിൽ നിന്നും ഒരു കോടി വാങ്ങി അദ്ദേഹത്തെ ബിഷപ്പാക്കി. ബിഷപ്പ് ദേവകടാഷം അവർകൾ ***CSI*** മോഡറെറ്ററായിരുന്ന കാലത്ത് പല കോടികൾ കൈപ്പറ്റിയതിന് ശേഷമാണ് ചിലരെ ബിഷപ്പാക്കിയത്.

മോഡറെറ്റർ ദേവകടാഷം അവർകൾ അഹരോനെപ്പോലെ മഹത്ത്വമായ ഈ ശുശ്രൂഷയെ സ്വന്തമകന്റെ പാപ പ്രവർത്തിയാലും, തന്റെ സ്ഥാനത്തെ ദുരുപയോഗിച്ചും, കൈക്കൂലിയായി പണം വാങ്ങിച്ചും, അപമാനപ്പെടുത്തി, സാക്ഷ്യം നഷ്ടപ്പെടുത്തി.

## *ECI CHURCH* – ഇന്ത്യാ സുവിശേഷ തിരുസഭ



ബിഷപ്പ് എസ്രാ സത്ഗുണം അവർകളാണ് ഈ സഭയുടെ സ്ഥാപകനും ഹെഡ് ബിഷപ്പും ആയിരിക്കുന്നത്. ഈ സഭ ഇന്ത്യ മുഴുവനും ഏകദേശം 7000 സഭകളായി വളരെ മനോഹരമായി വളർന്നു പെരുകിയിരിക്കുന്നു. ഇപ്പോഴുള്ള ***CSI, CNI*** സഭകളെക്കാളും ആത്മീയമുള്ള സഭകളായി വളർന്നതിന്റെ കാരണം ഈ സഭകളിൽ ജോലി ചെയ്യുന്ന അച്ചൻമാരുടെ യഥാർത്ഥമായ പരിശ്രമങ്ങളും, അധ്വാനവുമാണ് എന്നു പറഞ്ഞാൽ അത് അധികമാകില്ല. വളർന്നു കഴിഞ്ഞ ഈ സഭകളുടെ കൃത്യ നിർവ്വഹണത്തിനുവേണ്ടി ഇന്ത്യയെ ആറ് ഭാഗമായി പിരിച്ച് 6 ബിഷപ്പുമാരുടെ മേൽനോട്ടത്തിൽ സാമർത്ഥ്യത്തോടെ സഭകളെ നടത്തി വരുന്നു.

ബിഷപ്പ് എസ്രാ സത്ഗുണം അവർകളുടെ ആദ്യകാല ശുശ്രൂഷ വളരെ മികച്ചതായിരുന്നു. അദ്ദേഹത്തിന്റെ അധ്വാനത്താൽ ഈ ***ECI*** സഭകൾ **ആൽമരം** പോലെ വളർന്നു പന്തലിച്ചു. അമേരിക്കയിൽ ബില്ലിഗ്രഹാം അവർകളോട് വളരെ അടുത്ത് **പരിചയമുണ്ടായിരുന്നതു കൊണ്ട്** ഇദ്ദേഹത്തിന്റെ ഇന്ത്യയിലെ സഭകളുടെ വളർച്ചയെ അദ്ദേഹം അറിഞ്ഞ് ബില്ലിഗഹാം അവർകൾ **ധനസഹായം** ചെയ്തു വന്നു. വിദേശത്തുള്ള ക്രിസ്തീയ സ്ഥാപനങ്ങൾ വഴിയായും **ധനസഹായം** ലഭിച്ചതുകൊണ്ട് ***ECI*** സഭകൾ വളരെ അധികം പുഷ്ടി പ്രാപിച്ചു.

ഈ കാലഘട്ടത്തിലാണ് ബിഷപ്പ് എസ്രാ സത്ഗുണം അവർകൾ തമിഴ്നാട്ടിൽ ***DMK*** പാർട്ടിയുടെ നേതാവ് കലൈഞ്ചർ കരുണാനിധിയുടെ ചെല്ലപിള്ളയായത്. സ്റ്റേജിൽ കരുണാനിധിയുടെ തൊട്ടടുത്തുള്ള സീറ്റിൽ

ഇരിക്കാനുള്ള സ്വാധീനം പ്രാപിച്ചു. അതുപോലെ തന്നെ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചുള്ള അറിവും അദ്ദേഹത്തിൽ ഉണ്ടായി. ആത്മീയ ജീവിതം നഷ്ടപ്പെട്ടു.

ബിഷപ്പ് എസ്രാ സത്ഗുണത്തിന് രണ്ട് പെൺമക്കൾ ഉണ്ട് അതിൽ ഒരാളുടെ പേര് **കതിരൊളി മാണിക്യം** അപ്പന്റെ രാഷ്ട്രീയ അറിവ് അവൾക്കും കിട്ടി. ***ECI*** സഭകൾക്ക് ധാരാളം സ്വത്ത്, നിലം അളവില്ലാതെ വർദ്ധിച്ചു പെരുകി. ബിഷപ്പ് എസ്രാ സത്ഗുണം സഭകൾക്ക് നേതൃത്വം വഹിക്കാൻ ധാരാളം ബിഷപ്പുമാരെ ഏർപ്പാടാക്കിയിട്ടുണ്ടെങ്കിലും ഭാവികാലത്ത് തന്റെ ***ECI*** സഭയുടെ **സ്വത്തുക്കൾ** വേറെ ആരുടെ കൈവശം പോകാതെയിരിക്കാൻവേണ്ടി തന്റെ മകൾ **കതിരൊളി മാണിക്യം** അവർകളെ **ത്വരിത** ഗതിയിൽ **ബിഷപ്പ് കമ്മിസറി** എന്ന സ്ഥാനം കൊടുത്തു. അത് ബിഷപ്പിന് സമാനമായ അധികാരമുള്ള പദവിയാണ്. എന്നാൽ തന്റെ മകൾ മുൻകോപക്കാരിയും, സെക്സിൽ ബലഹീനയായവൾ എന്നറിഞ്ഞിട്ടും ആ പദവിയെ ബിഷപ്പവർകൾ കൊടുത്തു. ബിഷപ്പിന്റെ മകൾക്ക് മൂന്നു ഭർത്താക്കൻമാരുണ്ട്. രണ്ട് ഭർത്താക്കന്മാരെക്കുറിച്ച് മാത്രമേ ***ECI*** സഭകളുടെ അച്ചൻമാർക്ക് അറിയൂ. ആദ്യത്തെ ഭർത്താവിനെക്കുറിച്ച് കോളേജിലെ ലക്ചർമാർക്കും എനിക്കും മാത്രം അറിയാം. ഉന്നതവിദ്യാഭ്യാസത്തിന് പോയവരുടെ ഉള്ളിൽ മനസ്സ് മുറിവേറ്റതിനുശേഷം മകൾ മാത്രം ഇന്ത്യയിലേക്ക് മടങ്ങി വന്നു എന്ന് എനിക്ക് വാർത്ത വന്നു. ഇപ്പോൾ മൂന്നു ഭർത്താക്കന്മാരും ജീവനോടെ ഇരിക്കുന്നു.



മൂന്നാമതായി വിവാഹം കഴിച്ചയാൾ ഒരു കത്തോലിക്ക സഭയിൽ ചേർന്ന ആളാണ്. ***CSI, ECI*** സഭകളുടെ നിയമപ്രകാരം കത്തോലിക്കാ

സഭയിലുള്ള ഒരുവൻ ***ECI*** സഭയിൽ നിന്നും വിവാഹം കഴിക്കണമെങ്കിൽ അവർ സഭക്ക് മുമ്പിൽ വന്ന് കത്തോലിക്കാ സഭയുടെ സകല പിശാചിൻ ഉപദേശങ്ങളും ഞാൻ വിട്ടുകളയുന്നു എന്ന് ഏറ്റു പറഞ്ഞ് എല്ലാവരുടേയും മുമ്പിൽ വച്ച് ക്ഷമ ചോദിക്കണം. ഇതിൽ ഒന്നുപോലും ചെയ്യാതെ നേരിട്ട് താലി കെട്ടുകയാണുണ്ടായത്. ഇങ്ങനെയുള്ള വിവാഹത്തിന് നേതൃത്വം വഹിക്കാൻ പോൾ ദിനകരനെ വിളിച്ചിരുന്നു. വിവാഹചടങ്ങളുകളും കഴിഞ്ഞു. മകളുടെ ആധിപത്യം ആരംഭിച്ചു. ഇവരുടെ സാക്ഷ്യമില്ലാത്ത വിവാഹങ്ങളെ അംഗീകരിക്കാൻ കഴിയാതെ മനസാക്ഷിയിൽ വളരെ അധികം വേദന അനുഭവിച്ച ***ECI*** ബിഷപ്പുമാരിൽ ഒരാൾ കതിരൊളി മാണിക്യം അവർകളുടെ ശല്യം താങ്ങാൻ കഴിയാതെ ബിഷപ്പ് പദവി രാജിവച്ച് ശബ്ദമില്ലാതെ വളരെ മാന്യമായി വെളിയിൽ വന്നു.

ഈ സാഹചര്യത്തിൽ ***ECI*** സഭകളുടെ സീനിയർ അച്ചൻമാർ ഒന്നിച്ചുകൂടി ബിഷപ്പ് കമ്മിസറിയായ കതിരൊളി മാണിക്യത്തെ ***ECI*** സഭയിൽ നിന്നും ആ പദവിയിൽ നിന്നും നീക്കി. നിങ്ങൾ കഷ്ടപ്പെട്ട് ഉണ്ടാക്കിയ ***ECI*** തിരുസഭയെ രക്ഷിക്കണമേ എന്നും സഭാജനങ്ങൾ നിങ്ങളുടെ മകളെക്കുറിച്ച് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയാതെ ഞങ്ങൾ വലഞ്ഞിരിക്കുന്നു എന്നും എസ്രാ സത്ഗുണം അവർകളോട് അപേക്ഷിച്ചു. എന്നാൽ അദ്ദേഹം അതിന് ചെവി കൊടുത്തില്ല. അതോടുകൂടെ ***ECI*** സഭയുടെ ആധികാരിക മാസിക **നിരൂപം** എന്ന മാസികയ്ക്ക് കതിരൊളി മാണിക്യത്തെ ചീഫ് എഡിറ്ററായി ചുമതലയും നല്കി. മറ്റുള്ള ബിഷപ്പുമാർ ബിഷപ്പ് എസ്രാ സത്ഗുണം അവർകളുടെ മേലുള്ള മര്യാദ നിമിത്തം വായടച്ച് അവരവരുടെ ജോലി ചെയ്തു വരുന്നു.

എന്നാൽ മനസാക്ഷിയുള്ള സീനിയർ അച്ചൻമാർ നാലു പേജുള്ള ലഘുലേഖ അടിച്ച് എല്ലാ വലിയ അച്ചൻമാർക്കും അയച്ചു കൊടുത്തു. ലഘുലേഖ അടിച്ച് എല്ലാ വലിയ അച്ചൻമാർക്കും അയച്ചു കൊടുത്തു. ഇനി കതിരൊളി മാണിക്യം (ബിഷപ്പ് കമ്മിസറി) അവർകളെ സഭയുടെ ഒരു

പരിപാടിക്കും വിളിക്കാൻ പാടില്ല എന്ന് സഭാകമ്മറ്റി കൂടി തീരുമാനം എടുത്ത് അതിനെ മിനിറ്റ്സ് ബുക്കിൽ റെക്കോർഡ് ചെയ്ത് *ECI* സഭയുടെ നേതൃത്വം വഹിക്കുന്നവർക്ക് അയച്ചു കൊടുക്കാൻ ഏർപ്പാട് ചെയ്തു.

സ്ത്രീകൾക്കും, യുവാക്കൾക്കും, അച്ചൻമാർക്കും മുൻ മാതൃകയായി ഇരിക്കേണ്ട വ്യക്തി ഇങ്ങനെയുള്ള സാക്ഷ്യമില്ലാത്ത നിലയിൽ നമ്മുടെ *ECI* സംഘടയിൽപ്പെട്ട ഒരു സഭയിലും പ്രവേശിക്കാൻ പാടില്ല എന്ന് ഒരുമനസ്സോടെ ഒപ്പിട്ട് അത് നടപ്പിലാക്കാനും ആരംഭിച്ചു.


ഇതിൽ എസ്രാ സത്ഗുണത്തിനെ അനുകൂലിക്കുന്ന ചില കൂട്ടരും ഉണ്ട്. ഇനി *ECI* സഭയുടെ നില എന്തായിരിക്കുമോ ആവോ? അഹരോനെപ്പോലെ മഹത്വമായ ശുശ്രൂഷയുടെ ഉത്തരവാദിത്വം ബിഷപ്പ് എസ്രാ സത്ഗുണം അവർകൾക്ക് ദൈവം അനുവദിച്ചു എന്നാൽ മകളുടെ മേലുള്ള സ്നേഹത്താൽ സാക്ഷ്യം നഷ്ടപ്പെട്ടു പോയി.

ഇതിന്റെ കാരണം വളർത്തിയത് ശരിയല്ലാത്തതുകൊണ്ടാണ്. ബിഷപ്പായവർ തന്റെ സ്വന്തകുടുംബത്തെ ഭരിക്കാൻ അറിയാതിരുന്നാൽ ദൈവസഭയെ എങ്ങനെ പരിപാലിക്കും (1 തിമൊ. 3:5).

ബിഷപ്പായവർ തമിഴിൽ (കൺകാണി) ഏകഭാര്യയുടെ ഭർത്താവും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം (1 തിമോ. 3:2, 4). ദൈവം തന്നെ *ECI* സഭ ജനങ്ങളെയും മനസാക്ഷിയുള്ള സീനിയർ അച്ചൻമാരെയും, *ECI* സഭയിലുള്ള എല്ലാ ബിഷപ്പുമാരേയും കൈവിടാതെ അനുഗ്രഹിച്ച് വഴി നടത്തട്ടെ.

പല വർഷങ്ങൾക്കു മുമ്പ് ബിഷപ്പ് എസ്രാ സത്ഗുണം അവർകളുടെ മകളുടെ സാക്ഷ്യമില്ലാത്ത ജീവിതത്തെക്കുറിച്ച് ജാമക്കാരനിൽ എഴുതി മുന്നറിയിപ്പ് നല്കിയിരുന്നു. ജാമക്കാരന്റെ വേല *ECI* സഭയുടെ കാര്യത്തിൽ ഈ ലേഖനം എഴുതിക്കൊണ്ട് അവസാനിപ്പിക്കുന്നു.

# മാർത്തോമാ സഭയുടെ ഏറ്റവും ഉയർന്ന പദവിയിൽ ഇരുന്ന മോസ്റ്റ്. റവ. ഡോ. ജോസഫ് മാർത്തോമാ മെത്രാപ്പോലിത്ത (മോഡറെറ്റർ) അവർകൾ അന്തരിച്ചു



2020 ഒക്ടോബർ മാസം 19-ാം തീയതി മെത്രാപ്പോലീത്ത മരണപ്പെട്ടു എന്ന അറിയിപ്പ് വന്നു. 2020 സെപ്റ്റംബർ മാസ ജാമക്കാരനിൽ പേജ് 9-ൽ സാക്ഷ്യം നഷ്ടപ്പെട്ട ബിഷപ്പുമാരുടെ പട്ടികയിൽ മരണപ്പെട്ട മെത്രാപ്പോലീത്ത അവർകളെക്കുറിച്ചും ഞാൻ എഴുതിയിരുന്നു. അതേ മാസികയിൽ തന്നെ അദ്ദേഹത്തിന്റെ മരണ വാർത്ത അറിയിക്കേണ്ട സ്ഥിതിയും വന്നു. മാർത്തോമാ സഭ അച്ചൻമാർ, സഭാ വിശ്വാസികൾ പലർക്കും എന്നോട് വെറുപ്പ് ഉണ്ടാകും എന്നു എനിക്കറിയാം. അതു മാത്രമല്ല പൊതുവെ വലിയ ദൈവദാസൻമാരുടെ മരണവിവരം അറിയിക്കുമ്പോൾ കർത്താവിൽ നിദ്ര പ്രാപിച്ചു എന്ന് ബഹുമാനത്തോടെ എഴുതാറാണ് പതിവ്.

എന്നാൽ മരിച്ച മെത്രാപ്പോലീത്താ അവർകൾ തന്റെ മരണത്തിന്റെ അവസാന നിമിഷം വരെ കഴിഞ്ഞ കാലത്തിൽ താൻ ചെയ്ത തെറ്റു കുറ്റങ്ങൾ, പഴിവാങ്ങൽ, അനേകരുടെ മനസിനെ വേദനിപ്പിച്ചത് പോലുള്ള കാര്യങ്ങൾക്കായി ദുഃഖിച്ചതായി അദ്ദേഹത്തിന്റെ അടുത്ത് ഇരുന്ന ആരും തന്നെ അറിയിച്ചിട്ടില്ല. എന്നാലും മരണത്തിന്റെ അവസാനനിമിഷത്തിൽ കള്ളന് പാപക്ഷമ നല്കിയ ദൈവം, മരണ വാതിൽക്കൽ ക്ഷമ പ്രാപിച്ച ശിംശോൻ പോലെയുള്ളവരുടെ അവസാനം കാണുമ്പോൾ ഒരുപക്ഷെ മനസ്സിൽ ക്ഷമ ചോദിച്ചിരുന്നെങ്കിൽ പാപക്ഷമ ലഭിച്ചിരിക്കുമല്ലോ! ഇപ്പോൾ മെത്രാപ്പോലീത്ത അവർകളുടെ ആത്മാവ് എവിടെ പോയിരിക്കും? ഞാൻ

വിധി പറയുന്നില്ല. അതിനു ഞാൻ ആർ? ആരാലും വിധി പറയാൻ കഴിയില്ല. വിധിയ്ക്കാനും പാടില്ല. എന്നാൽ ഊഹിക്കാം. അദ്ദേഹത്തിന്റെ കഴിഞ്ഞകാല പ്രവർത്തികൾ അച്ചനായി ആരംഭിച്ച്, ബിഷപ്പായി സ്ഥാനക്കയറ്റം കിട്ടി അവസാനമായി ഉന്നതസ്ഥാനമായ മെത്രാപോലീത്താ വരെ നടന്ന തുടർച്ചയായ കുറ്റകൃത്യങ്ങളെക്കുറിച്ച് കോഴഞ്ചേരി വലിയ പള്ളി യുവജനസംഖ്യം എഴുതി പുറത്തുവിട്ട ലഘുലേഖ മുഖാന്തരം കേൾവിപ്പെട്ട എനിയ്ക്കു തന്നെ മനസ്സിൽ വെറുപ്പുണ്ടായെങ്കിൽ അദ്ദേഹത്താൽ ബാധിക്കപ്പെട്ട ടീച്ചർമാർ, അച്ചൻമാരുടെ ഭാര്യമാർ, മൂന്നു വയസ്സുള്ള പെൺകുട്ടി, 11 –വയസ്സുള്ള പെൺകുട്ടി ഇവരെ പ്രസവിച്ച അമ്മമാർ. മൂന്നും, അഞ്ചും വയസ്സുള്ള കുഞ്ഞുങ്ങൾ വളർന്ന് ചെറുപ്പക്കാരായി വിവാഹവും ചെയ്ത ആ സ്ത്രീകൾ ഇങ്ങനെയുള്ളവരോട് നിങ്ങൾ നേരിട്ട് ചെന്ന് അവരെ സന്ദർശിച്ച് **മെത്രാപ്പോലീത്തയുടെ** മരണത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? എന്നു ചോദിച്ച് നോക്കൂ... അതിന് മറുപടി ഉണ്ടാവില്ല. തന്റെ ഭർത്താവ് തന്റെ മക്കൾ ആരും അതിനെക്കുറിച്ച് അറിയാത്ത സ്ഥിതിക്ക് തങ്ങളുടെ വെറുപ്പിനെ എങ്ങനെ പ്രതിഫലിപ്പിക്കാൻ കഴിയും? എന്നാൽ അദ്ദേഹം മരിച്ചത് നല്ലതാണെന്ന് മനസിനുള്ളിൽ ശപിച്ചിരിക്കും.

എങ്ങനെയോ മെത്രാപ്പോലീത്തയ്ക്കായും യേശു രക്തം ചിന്തിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തം എങ്ങനെയുള്ളവരേയും ശുദ്ധീകരിക്കും. അതുപോലെ ക്രിസ്തുവിന്റെ കൃപ അവരോടും ക്ഷമിക്കും. ഇദ്ദേഹത്തിന്റെ ജീവിതം, മരണം ഇപ്പോഴുള്ള എല്ലാവർക്കും, നമുക്കും പാഠമായിത്തീരട്ടെ!

**മുന്നറിയിപ്പ്**

വാട്സ് ആപ്, യു ട്യൂബ്, ഫെസ്ബുക്ക് പോലുള്ള ഒന്നും തന്നെ എനിക്കില്ല. എന്റെ പേരിൽ ആരെങ്കിലും മേൽ പറഞ്ഞവയിൽ ഏതെങ്കിലും ഒന്നിലൂടെ എഴുതിയാൽ അതിനും എനിക്കും യാതൊരു വിധ സംബന്ധവും ഇല്ല എന്നത് ഇതുമൂലം ഞാൻ അറിയിക്കുന്നു.

## സഹോ. സാധു ചെല്ലപ്പ അവർകൾ

### കർത്താവിൽ നിദ്രപ്രാപിച്ചു



സഹോ. സാധു ചെല്ലപ്പ അവർകൾ തന്റെ 80–ാം വയസ്സിൽ ക്യാൻസർ രോഗം മൂലം ചികിത്സ ഫലം ചെയ്യാതെ മരിച്ചുപോയി. അദ്ദേഹത്തിന്റെ ഭാര്യ, മക്കൾ എല്ലാവർക്കും കർത്താവ് ആശ്വാസം നല്കട്ടെ.

മരിക്കുന്നതിനു മുമ്പ് മൂന്നുപ്രാവശ്യം എന്നോട് ഫോൺ മൂലം സംസാരിച്ചിരുന്നു. അതിൽ മലേഷ്യാ വിവരത്തെക്കുറിച്ചും വേറെ ചില വിവരങ്ങളേയും എന്നോടു പങ്കുവച്ചു. പ്രാർത്ഥിക്കാം.

**SEPTEMBER-2020**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.